+

"ഭരണഭാഷ മാതൃഭാഷ"

ICDS/B2/6599/21

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 28/9/2021
ഇ-മെയിൽ: directorate.wcd@kerala.gov.in
ഫോൺ നം: 0471-2346534

വനിതാ ശിശുവികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശു വികസന ആഫീസർമാർക്കും.
എല്ലാ പ്രോഗ്രാം ആഫീസർമാർക്കും.
എല്ലാ ശിശു വികസന പദ്ധതി ആഫീസർമാർക്കും

സർ,

**വിഷയം:** വനിതാ ശിശു വികസന വകുപ്പ് - ഒക്ടോബർ 2 - ICDS ദിനം ഗാന്ധിജയന്തി ദിനം-ജില്ലാ തലത്തിലും, പ്രൊജക്ട് തലത്തിലും, അങ്കണവാടി തലത്തിലും ഒരു മാസം നീണ്ടുനിൽക്കുന്ന പരിപാടികൾ സംഘടിപ്പിക്കുന്നത് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

**സൂചന:** ദേശീയ ദിനാചരണ കലണ്ടർ.

കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഏറ്റവും ബൃഹത്തും സമാനതകളില്ലാത്തതുമായ പദ്ധതിയാണ് സംയോജിത ശിശു വികസന സേവന പദ്ധതി. 1975 ഇൽ മലപ്പുറം വേങ്ങരയിൽ തുടക്കം കുറിച്ച ഈ പദ്ധതി 2021 ഒക്ടോബർ 2ന് 46 വർഷം പിന്നിടുകയാണ്. ആയതുമായി ബന്ധപ്പെട്ട വകുപ്പിന്റെ സമസ്ത മേഖലകളെയും സംയോജിപ്പിച്ചു കൊണ്ട് വിവിധങ്ങളായ പരിപാടികൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട് . ജില്ലാതലത്തിലും പ്രൊജക്ട് തലത്തിലും അങ്കണവാടി തലത്തിലും പ്രസ്തുത പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

02/10/2021മുതൽ ഒരു മാസം നീണ്ടു നിൽക്കുന്ന പരിപാടിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും അവസ്ഥ പഠനം, വകുപ്പിന്റെ സേവനങ്ങൾ ഉൾക്കൊള്ളിക്കുന്ന പ്രദർശനം, പ്രീസ്കൂൾ കുട്ടികളുടെ ഓൺ ലൈൻ കലാപരിപാടികൾ, ശുചീകരണ പ്രവർത്തനങ്ങൾ, കുട്ടികളുടെ സംരക്ഷണ സ്ഥാപനങ്ങളിൽ സന്ദർശനം, ലഹരി വിമുക്ത ബോധവത്കരണ ക്ലാസുകൾ, അനീമിയ സ്ക്രീനിംഗ്, സ്കൂൾ തുറക്കലുമായി ബന്ധപ്പെട്ട പ്രത്യേക തയ്യാറെടുപ്പുകൾ സംബന്ധിച്ച ക്ലാസുകൾ, സ്ത്രീ സംരക്ഷണ അവബോധ

ക്ലാസുകൾ തുടങ്ങി വിവിധ പ്രവർത്തനങ്ങൾ ഉൾകൊള്ളിച്ച സംഘടിപ്പിക്കുവാനാണ് നിശ്ചയിച്ചിട്ടുള്ളത്. ടി പരിപാടി നടപ്പിലാക്കുന്നതിനുള്ള വിശദമായ മാർഗ നിർദേശങ്ങൾ ചുവടെ ചേർക്കുന്നു

**തീയതി : 02.10.2021**

**ഉദ്ഘാടനം**

**പഞ്ചായത്ത് /സെക്ടർ തലം**

**(ചുമതല:സൂപ്പർവൈസർ,സിഡിപി ഒമേൽനോട്ടം : സിഡിപിഒ, പ്രോഗ്രാം ഓഫീസർ)**

ഒക്ടോബർ 2 ഐ.സി.ഡി.എസ് ദിനാചരണത്തോടനുബന്ധിച്ച് അന്നേദിവസം പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ ഐ.സി.ഡി.എസ് പദ്ധതിയുടെ 46-ാം വാർഷികത്തിന്റെ ഓൺലൈൻ ഉദ്ഘാടനം സംഘടിപ്പിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം നടത്തേണ്ടതാണ്. ഓൺലൈൻ മീറ്റിംഗിൽ ഗ്രാമ പഞ്ചായത്ത്,ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് ജനപ്രതിനിധികളുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്. കഴിഞ്ഞ 46 വര്ഷങ്ങളായുള്ള ഐ സി ഡി എസ് പ്രവർത്തനങ്ങളുടെ സംഗ്രഹം പ്രസ്തുത മീറ്റിംഗിൽ ഉൾപ്പെടുത്തേണ്ടതാണ്. ഐ.സി.ഡി.എസ് ദിനത്തോടനുബന്ധിച്ച് ഈ വർഷം നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദവിവരം ഈ മീറ്റിംഗിൽ ചർച്ച ചെയ്യേണ്ടതും എല്ലാ ജനപ്രതിനിധികളുടെയും സഹകരണത്തോടെ പരിപാടികൾ നടപ്പാകേണ്ടതുമാണ്. അങ്കണവാടി പ്രവർത്തകർ ഗുണഭോക്താക്കൾ എന്നിവരും ഈ പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്. പഞ്ചായത്ത്/മുൻസിപ്പാലിറ്റി തലത്തിൽ ഈ പരിപാടിയുടെ ചുമതല സൂപ്പർവൈസർമാർക്കും കോർപ്പറേഷൻ തലത്തിൽ പരിപാടിയുടെ പൂർണ്ണ ചുമതല സി.ഡി.പി.ഒമാർക്കും ആയിരിക്കും.

**തീയതി : 02.10.2021**

**ശുചീകരണ പ്രവർത്തനങ്ങൾ, ഒൺലൈൻ കലാപരിപാടികൾ**

**അങ്കണവാടി തലം**

**(ചുമതല: അങ്കണവാടി വർക്കർ, മേൽനോട്ടം : ICDS സൂപ്പർവൈസർ)**

- അങ്കണവാടികളിൽ ഗാന്ധിജയന്തിയോടനുബന്ധിച്ച് ALMSC യുടെ സഹകരണത്തോടെ അങ്കണവാടിയും പരിസരവും ശുചീകരിക്കേണ്ടതാണ്. കോവിഡ് മാനദണ്ഡങ്ങൾ നിർബന്ധമായും പാലിക്കുന്നുണ്ടെന്ന് ജീവനക്കാർ ഉറപ്പാക്കേണ്ടതാണ്.
- അന്നേദിവസം തന്നെ **'എന്റെ ഗാന്ധി'** എന്ന വിഷയത്തെ ആസ്പദമാക്കി പ്രീസ്കൂൾ കുട്ടികളുടെ വിവിധ കലാപരിപാടികൾ ഓൺലൈനായി സംഘടിപ്പിക്കേണ്ടതാണ്. ആംഗ്യപ്പാട്ട്, കഥപറച്ചിൽ, പ്രച്ഛന്നവേഷം എന്നീ കലാപരിപാടികളാണ് ഉൾപ്പെടുത്തേണ്ടത്. എല്ലാ പ്രീ സ്കൂൾ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

## info wall picture (ജില്ലാതലം)

**(ചുമതല: പ്രോഗ്രാം ഓഫീസർ, മേൽനോട്ടം: ജില്ലാ വനിതാ ശിശുവികസന ഓഫീസർ)**

- ജനശ്രദ്ധ ആകർഷിക്കുന്ന പൊതു സ്ഥലങ്ങളിൽ ഐ സി ഡി എസ് സേവനങ്ങൾ ചിത്രങ്ങളോടുകൂടി ചുമരെഴുത്ത് (info wall picture) നടത്തേണ്ടതാണ്. ഇതിനുവേണ്ട ടാഗ് ലൈൻ വകുപ്പിൽ നിന്നും നൽകുന്നതാണ്. ഒക്ടോബർ 20 നകം ചുമരെഴുത്ത് പൂർത്തീകരിക്കേണ്ടതാണ്.

## തീയതി : 4/10/2021-9/10/2021

## തദ്ദേശസ്വയം ഭരണ സ്ഥാപനതലത്തിൽ പ്രദർശനം

## പഞ്ചായത്ത് /സെക്ടർ തലം

**(ചുമതല: സൂപ്പർവൈസർമാർ, മേൽനോട്ടം : സി ഡി പി ഒ)**

- സ്ത്രീകളുടേയും കുട്ടികളുടേയും വികസനം, ക്ഷേമം, സംരക്ഷണം എന്നിവ ഉറപ്പാക്കുന്നതിനായി നിരവധി സേവന പദ്ധതികൾ വനിതാ ശിശുവികസന വകുപ്പ് വഴി നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതികളുടെ ഗുണങ്ങളും ആനുകൂല്യങ്ങളും ഇതിനകം അനേകം ആളുകളിൽ എത്തിയിട്ടുണ്ട്. ആനുകൂല്യങ്ങൾ ലഭിക്കാത്തതോ ഇവയേക്കുറിച്ച് അറിയാത്തതോ ആയ മുഴുവൻ പേരിലേക്കും പദ്ധതികൾ സംബന്ധിച്ച് വിവരങ്ങൾ എത്തിക്കുകയാണ് ഈ പ്രദർശനം വഴി ലക്ഷ്യമിടുന്നത്. വകുപ്പ് വഴി നൽകുന്ന സേവനങ്ങളെകുറിച്ചും പദ്ധതികളെ കുറിച്ചുമുള്ള എല്ലാ വിവരങ്ങളും പൊതുജനങ്ങൾക് നേരിട്ട് പ്രദർശന പരിപാടിയിൽ നിന്നും അറിയാവുന്നതാണ്.

- വനിതാ ശിശുവികസന വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടേയും പരിപാടികളുടേയും പ്രദർശനം പഞ്ചായത്തു തലത്തിൽ സംഘടിപ്പിക്കേണ്ടതാണ്. ടി പരിപാടിയിൽ ജനപ്രതിനിധികളുടെ സാന്നിധ്യവും സഹകരണവും ഉറപ്പാക്കേണ്ടതാണ്. കോർപ്പറേഷൻ/മുൻസിപ്പാലിറ്റി എന്നിവിടങ്ങളിൽസെക്ടർ തലത്തിൽ പൊതുജനങ്ങൾ കൂടുതൽ സന്ദർശിക്കുന്ന സ്ഥലം കേന്ദ്രീകരിച്ച് പ്രദർശനം നടത്തേണ്ടതാണ്.
- അങ്കണവാടികളിൽ നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ, ഐ സി ഡി എസ്, ഐ സി പി എസ്, നിർഭയ, വിമൺ പ്രൊട്ടക്ഷൻ, പോഷൺ അഭിയാൻ, പാരന്റിങ് ക്ലിനിക് , ന്യൂട്രിഷൻ ക്ലിനിക് തുടങ്ങിയവ വഴി നൽകുന്ന വിവിധ സേവനങ്ങൾ/പദ്ധതികൾ എന്നിവയുടെ വിവരങ്ങളും പ്രദർശനത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ അങ്കണവാടി പ്രീസ്കൂൾ പഠനോപകരണങ്ങൾ, ഓൺ ലൈൻ ആയി നൽകി വന്ന പ്രീസ്കൂൾ പ്രവർത്തന വിവരങ്ങൾ, പോർട്ട് ഫോളിയോ, കോവിഡ് വ്യാപന സമയത്തു വകുപ്പ് വഴി നൽകിയ പ്രത്യേക സേവനങ്ങൾ പരിപാടികൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. വേയിംഗ് സ്കെയിൽ, സ്റ്റെഡിയോ മീറ്റർ എന്നിവയുടെ സേവനവും ഈ പ്രദർശനത്തിൽ നൽകേണ്ടതാണ്.

- ഐ സി ഡി എസ് , വുമൺ പ്രൊട്ടക്ഷൻ , ഐ സി പി എസ്, നിർഭയ, പോഷൺ അഭിയാൻ തുടങ്ങിയവയുമായി ബന്ധപ്പെട്ട് നിലവിൽ ലഭ്യമായ ഐ ഇ സി മെറ്റീരിയൽസ് പ്രദർശനത്തിനു വേണ്ടി ഉപയോഗിക്കാവുന്നതാണ്.
- ടി പരിപാടികളുടെ മുന്നൊരുക്കത്തിനായി ആദ്യ രണ്ടു ദിവസവും, പ്രദർശനം നിർബന്ധമായും തുടർന്നുള്ള മൂന്ന് ദിവസവും സംഘടിപ്പിക്കേണ്ടതുമാണ്.)
- പഞ്ചായത്ത്/ബ്ലോക്ക്/ജില്ലാ തലത്തിൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മറ്റികൾ ഈ ദിവസങ്ങളിൽ കൂടേണ്ടതാണ്.

**തീയതി : 4/10/2021-9/10/2021**

**കുട്ടികളുടെ സംരക്ഷണ സ്ഥാപനങ്ങളിൽ സന്ദർശനം**

**പ്രോജക്ട് തലം**

**(ചുമതല: ന്യൂട്രിഷ്യനിസ്റ്റ്, മേൽനോട്ടം : സി ഡി പി ഒ)**

- അതത് ഐ സി ഡി എസ് പ്രോജക്ട് പരിധിയിൽ വരുന്ന ജെ ജെ ആക്ട് പ്രകാരം രെജിസ്റ്റർ ചെയ്തിട്ടുള്ള കുട്ടികളുടെ സംരക്ഷണ സ്ഥാപനങ്ങളിൽ ഈ ദിവസങ്ങളിൽ സന്ദർശനം നടത്തേണ്ടതാണ്. ആരോഗ്യവകുപ്പിന്റെ സഹകരണത്തോടു കൂടി സൂപ്പർവൈസർമാർ, NNM ബ്ലോക്ക് കോർഡിനേറ്റർമാരുടെ സഹായത്തോടെ സ്ഥാപനങ്ങളിലെ കുട്ടികളുടെ BMI (6 മുതൽ 18 വയസ്സുവരെയുള്ളവർക്ക്) കണക്കാക്കുകയും ചെക്ക് ലിസ്റ്റ് ഉപയോഗിച്ച് അനീമിയ സ്ക്രീനിംഗ് നടത്തേണ്ടതുമാണ്. സ്ക്രീനിംഗിൽ അനീമിയ, തൂക്കക്കുറവ് (5 വയസ്സിൽ താഴെയുള്ളവർക്ക് SUW,MUW, BMI 18.5 ൽ കുറവായവർ) പൊണ്ണത്തടി എന്നിവ കണ്ടെത്തുന്ന പക്ഷം ടി കുട്ടികളെ ന്യൂട്രിഷ്യനിസ്റ്റിന്റെ അടുത്ത് തുടർ സേവനങ്ങൾക്കായി റഫർ ചെയ്യേണ്ടതാണ്. ജെ ജെ ആക്ട് പ്രകാരം രെജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് അതതു DCPO മാർ പ്രോഗ്രാം ഓഫീസർമാർക്ക് കൈമാറേണ്ടതും പ്രോഗ്രാം ഓഫീസർമാർ അവ CDPO മാർക്ക് നൽകേണ്ടതുമാണ്. ഏതെങ്കിലും പ്രൊജക്റ്റ് പരിധിയിൽ ഇത്തരം സ്ഥാപനങ്ങൾ ഇല്ലാത്ത പക്ഷം ടി പ്രോജക്ടിലെ ഉദ്യോഗസ്ഥരുടെ സേവനം മറ്റു പ്രോജക്ടുകളിലെ സ്ഥാപന സന്ദർശനത്തിനായി ഉപയോഗിക്കുന്നതിനുള്ള ക്രമീകരണങ്ങൾ പ്രോഗ്രാം ഓഫീസർമാർ നടത്തേണ്ടതാണ് .

**തീയതി :11/10/2021-16/10/2021**

**മാനസികാരോഗ്യ സംരക്ഷണം -വെബിനാർ**

**ജില്ലാതലം**

**(ചുമതല :പ്രോഗ്രാം ഓഫീസർ, മേൽനോട്ടം-ജില്ലാവനിതാ ശിശുവികസന ഓഫീസർ)**

- ജില്ലയിലെ അങ്കണവാടി ഗുണഭോക്താക്കളായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി "പ്രസവാനന്തര വിഷാദം" (Post-Partum Depression) എന്ന വിഷയത്തിൽ ജില്ലാതല

വെബിനാർ സംഘടിപ്പിക്കേണ്ടതാണ്. ഇതിനായി ഡി എം എച്ച് ഒ യുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

## മാനസികാരോഗ്യ സംരക്ഷണം

### പ്രോജക്ട് തലം

**(ചുമതല: സ്കൂൾ കൗൺസിലർ, മേൽനോട്ടം : സി ഡി പി ഒ)**

- സ്കൂൾ കൗൺസിലർ മുഖാന്തരം അവർക്ക് ചുമതലയുള്ള സ്കൂളിലെ കുട്ടികളുടെ രക്ഷിതാക്കൾക്ക് ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ എന്ന വിഷയത്തിൽ ബോധവത്കരണ ക്ലാസ്സുകൾ ഓൺലൈനായി സംഘടിപ്പിക്കേണ്ടതാണ്. സ്കൂൾ പ്രിൻസിപ്പൽ ,പ്രധാനാധ്യാപകർ, പി ടി എ എന്നിവരുടെ മുൻകൂർ അനുവാദവും സഹകരണവും പ്രസ്തുത പരിപാടിയിൽ ഉറപ്പാക്കാൻ കൗൺസിലർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

## തീയതി : 12/10/2021

## അനീമിയ സ്ക്രീനിംഗ്

### അങ്കണവാടി തലം

**(ചുമതല: അങ്കണവാടി വർക്കർ, മേൽനോട്ടം : സൂപ്പർവൈസർ)**

- ക്യാമ്പെയിൻ 12 മായി ബന്ധപ്പെട്ട് കൗമാരക്കാരായ കുട്ടികൾക്ക് വകുപ്പിൽ നിന്നും നൽകുന്ന അനീമിയ സ്ക്രീനിംഗ് ചെക്ക് ലിസ്റ്റ് ഉപയോഗിച്ച് സ്ക്രീനിംഗ് നടത്തേണ്ടതും തുടർ സേവനം ആവശ്യമുള്ള പക്ഷം ടി കുട്ടികളെ സൂപ്പർവൈസർമാർ ന്യൂട്രീഷൻ ക്ലിനിക്കിലേക്ക് റഫർ ചെയ്യേണ്ടതുമാണ്. സ്ക്രീനിംഗിന് പങ്കെടുക്കുന്ന കുട്ടികളുടെ പ്രായം , ജെൻഡർ ഇവ തിരിച്ചുള്ള ക്രോഡീകരിച്ച റിപ്പോർട് സെക്ടർ തലത്തിൽ തയ്യാറാക്കേണ്ടതാണ്.

## തീയതി :18/10/2021-20/10/2021

## ബോധവത്കരണ പരിപാടികൾ

### പ്രോജക്ട് തലം

**(ചുമതല: സ്കൂൾ കൗൺസിലർ,മേൽനോട്ടം : സി ഡി പി ഒ)**

- Nov 1 സ്കൂൾ തുറക്കലുമായി ബന്ധപ്പെട്ട് ആശങ്കകൾ ദുരീകരിക്കുന്നതിനും, തയ്യാറെടുപ്പുകൾ നടത്തുന്നതിനുള്ള ഓൺലൈൻ ക്ലാസുകൾ കുട്ടികൾക്കും രക്ഷിതാക്കൾക്കും വെവ്വേറെ സംഘടിപ്പിക്കേണ്ടതാണ്.
- അന്താരാഷ്ട്ര കൈകഴുകൾ ദിനാചരണത്തോടനുബന്ധിച്ച് കുട്ടികൾക്ക് 'Hand Washing techniques and Hygienic Practices' എന്ന വിഷയവും പ്രസ്തുത ക്ലാസ്സിൽ ഉൾപ്പെടുത്തേണ്ടതാണ്. ഈ പ്രവർത്തനം വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ് അതാത്

സ്കൂൾ പി ടി എ എന്നിവരുടെ സഹകരണത്തോടെ നടപ്പിലാക്കാൻ സ്കൂൾ കൗൺസിലർമാർ ശ്രദ്ധിക്കേണ്ടതാണ്.

**തീയതി :21/10/2021-23/10/2021**

**പിയർ മെന്ററിംഗ്**

**പഞ്ചായത്ത് /സെക്ടർ തലം**

**(ചുമതല: സ്കൂൾ കൗൺസിലർ,മേൽനോട്ടം : സി ഡി പി ഒ)**

- അനീമിയ അംബാസഡർമാരായി തിരഞ്ഞെടുത്ത കുട്ടികളെ **പിയർ മെന്റർ** ആയി പ്രവർത്തിക്കുന്നതിന് വകുപ്പിലെ **"വേണ്ട"** പ്രോജക്ടുമായി ബന്ധപ്പെട്ട് പരിശീലനം ലഭിച്ച കൗൺസിലർമാർ/ റിസോഴ്സ് പേഴ്സൺ/ മാനസിക ആരോഗ്യ വിദഗ്ധർ എന്നിവരുടെ സഹായത്തോടെ ഓൺലൈൻ ബോധവത്കരണക്ലാസ് സെക്ടർ തലത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

**തീയതി :25/10/2021-26/10/2021**

**വനിതാ സംരക്ഷണം**

**ജില്ലാതലം**

**(ചുമതല: വിമൺ പ്രൊട്ടക്ഷൻ ഓഫീസർ , മേൽനോട്ടം: ജില്ലാ വനിതാ ശിശുവികസന ഓഫീസർ)**

- ജില്ലാതലത്തിൽ വകുപ്പിലെ WPO മാർ വഴി നൽകുന്ന സേവനങ്ങളെ/പ്രവർത്തനങ്ങളെ കുറിച്ച് WPO മാരും MSK വഴി നൽകുന്ന സേവനങ്ങളെ/പ്രവർത്തനങ്ങളെ കുറിച്ച് ഡിസ്ട്രിക്ട് കോർഡിനേറ്റർ മാരും സി ഡി പി ഒ/ സൂപ്പർവൈസർമാർക്ക് ഓൺലൈൻ അവബോധ ക്ലാസ്സ് സംഘടിപ്പിക്കേണ്ടതാണ്.

**തദ്ദേശ സ്വയംഭരണ സ്ഥാപന തലം**

**(ചുമതല:സൂപ്പർവൈസർ, മേൽനോട്ടം: സിഡിപിഒ)**

- എല്ലാ ജില്ല/ബ്ലോക്ക്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ/പഞ്ചായത്തുതലത്തിൽ ജാഗ്രതാ സമിതി മീറ്റിംഗുകൾ കൂടേണ്ടതാണ്.

**തീയതി : 2/10/2021-30/10/2021**

**അവസ്ഥാപഠനം**

**തദ്ദേശ സ്വയംഭരണ സ്ഥാപന തലം**

**(ചുമതല:സി ഡി പി ഒ, സൂപ്പർവൈസർ, മേൽനോട്ടം: പ്രോഗ്രാം ഓഫീസർ)**

- വകുപ്പ് വഴി നൽകുന്ന ചോദ്യാവലി ഉപയോഗിച്ച് അങ്കണവാടി തലത്തിൽ സ്ത്രീകളുടേയും കുട്ടികളുടേയും അവസ്ഥാവിവരങ്ങൾ ഈ ഒരു മാസം ശേഖരിക്കുകയും അവ സെക്ടർ തലത്തിൽ 27/10/2021 മുതൽ 30/10/2021 നകം ക്രോഡീകരിച്ച്

പഞ്ചായത്ത്/മുൻസിപാലിറ്റി/കോർപ്പറേഷൻ അധികാരികൾക്ക് സമർപ്പിക്കേണ്ടതും കമ്മിറ്റിയിൽ ഈ അവസ്ഥാപഠന റിപ്പോർട്ട് അവതരിപ്പിക്കേണ്ടതുമാണ്. പ്രോജക്ട് തലത്തിൽ ടി വിവരങ്ങൾ ക്രോഡീകരിച്ച് റിപ്പോർട്ട് പ്രോഗ്രാം ഓഫീസർക്ക് സമർപ്പിക്കേണ്ടതുമാണ്. മറ്റുവകുപ്പുകൾക്ക തുടർ പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്യുന്നതിനായി ഈ പഠനറിപ്പോർട്ടിലെ വിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്. ജില്ലാതലത്തിൽ ടി റിപ്പോർട്ട് ക്രോഡീകരിച്ച് ന്യൂട്രീഷൻ സ്റ്റാറ്റസുമായി ബന്ധപ്പെട്ട ഡേറ്റ പട്ടിക വർഗ്ഗവികസന വകുപ്പ്, ആരോഗ്യവകുപ്പ്, ഫിഷറീസ് വകുപ്പ്- (അതത് വിഭാഗങ്ങളുടെ വിവരങ്ങൾ അതത് വകുപ്പുകൾക്ക്) എന്നിവർക്ക ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനായി സമർപ്പിക്കാവുന്നതാണ്.

**ഫണ്ട് വിനിയോഗം**

ദിനാചരണാവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾക്ക് ജില്ലാതലത്തിൽ 10,000/- രൂപയും പ്രൊജക്ട് തലത്തിൽ 2500/- രൂപയും അനുവദിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ ടി തുക infowall ചിത്രമെഴുത്തിനും, വിവിധ വെബ്ബിനാറുകൾ സംഘടിപ്പിക്കുന്നതിനും, പരിപാടികൾ ക്രോഡീകരിക്കുന്നതിനും ഡോക്യുമെന്റേഷനും വേണ്ടി ഉപയോഗിക്കാവുന്നതാണ്. പ്രോജക്ട് തലത്തിൽ അനുവദിച്ച തുക വിവിധ പഞ്ചായത്തുകൾക്ക് പ്രദർശനം നടത്തുന്നതിനായി ബാനർ, പോസ്റ്റർ, സ്റ്റേഷനറി തുടങ്ങിയവയ്ക്ക് ഉപയോഗിക്കാവുന്നതാണ്. സി ഡി പി ഓ മാർ പ്രസ്തുത പരിപാടിയുടെ റിപ്പോർട് പ്രോജക്ടതലത്തിൽ തയ്യാറാക്കി ആയതിന്റെ സോഫ്റ്റ് കോപ്പി പ്രോഗ്രാം ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

**NB:** ***പരിപാടിയുടെ കൃത്യമായ നടത്തിപ്പിനുമായി പ്രോഗ്രാം ഓഫീസർമാർ ശിശു വികസന പദ്ധതി ഓഫീസർമാരുടെ മീറ്റിംഗ് വിളിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതും പരിപാടിയുടെ കൃത്യമായ മോണിറ്ററിങ് നടത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.***

**വിശ്വസ്തതയോടെ,**

**വനിത ശിശുവികസന ഡയറക്ടർ** ക്കുവേണ്ടി

**SOPHY JACOB**
**PEN 457974**
**Assistant Director**
**Women and Child Development Department**
**Thiruvananthapuram - 695 012**

## അനീമിയ സ്ക്രീനിംഗ് ചെക്ക് ലിസ്റ്റ്

1. നിങ്ങൾക്ക് അസാധാരണമായി ക്ഷീണം/തളർച്ച/ഉന്മേഷക്കുറവ് എന്നിവ അനുഭവപ്പെടാറുണ്ടോ?

   ☐ ഉണ്ട്　☐ ഇല്ല

2. നിങ്ങളുടെ മുഖത്തോ താഴത്തെ കൺപോളകളിലോ/മോണയിലോ/നഖത്തിലോ വിളർച്ച ഉള്ളതായി ആരോഗ്യ പരിശോധനയിൽ വ്യക്തമായിട്ടുണ്ടോ?

   ☐ ഉണ്ട്　☐ ഇല്ല

3. നിങ്ങൾ സാധാരണ ചെയ്യുന്ന പ്രവൃത്തികളിൽ (ഉദാ:- നടത്തം, പടികയറൽ, പതിവായുള്ള കായിക പരിശീലനങ്ങൾ) ഏർപ്പെടുമ്പോൾ നിങ്ങൾക്ക് ശ്വാസതടസ്സം അനുഭവപ്പെടാറുണ്ടോ ?

   ☐ ഉണ്ട്　☐ ഇല്ല

4. നിങ്ങൾക്ക് തലവേദനയോ / തല ചുറ്റലോ കൂടെക്കൂടെ അനുഭവപ്പെടാറുണ്ടോ?

   ☐ ഉണ്ട്　☐ ഇല്ല

5. നിങ്ങൾക്ക് ഹൃദയമിടിപ്പിന്റെ വേഗത കൂടുന്നതായിട്ട് അനുഭവപ്പെടാറുണ്ടോ?

   ☐ ഉണ്ട്　☐ ഇല്ല

6. നിങ്ങളുടെ ചുണ്ടിന്റെ ഇരുവശങ്ങളിലും ആയി വേദനയോടു കൂടിയ വിള്ളലോ നാവിലും വായ്ക്ക് ഇരുവശത്തുമായി ചെറിയ വ്രണങ്ങള് കാണപ്പെടാറുണ്ടോ?

   ☐ ഉണ്ട്　☐ ഇല്ല

7. നിങ്ങളുടെ കാലുകളിൽ കോച്ചിവലിക്കുന്നതു പോലെയോ/ ഇഴച്ചിലോ /ബലക്കുറവോ അനുഭവപ്പെടാറുണ്ടോ?

   ☐ ഉണ്ട്　☐ ഇല്ല

8. നിങ്ങളുടെ കൈ നഖങ്ങൾ പെട്ടന്ന് പൊട്ടിപ്പോകാറുണ്ടോ? അല്ലെങ്കിൽ കൈനഖങ്ങള് സ്പൂൺആകൃതിയില് ആണോ ഇരിക്കുന്നത്? ( നഖത്തിന്റെ നടുവശം കുഴിഞ്ഞും നഖങ്ങളുടെ പുറ്റിനും പൊങ്ങിയും ആണോ ഇരിക്കുന്നത്?

   ☐ ഉണ്ട്　☐ ഇല്ല

9. നിങ്ങൾക്ക് അടിക്കടി അണുബാധ ഏൽക്കാറുണ്ടോ?

ഉണ്ട് ഇല്ല

10. നിങ്ങൾക്ക് ശ്രദ്ധ കേന്ദ്രീകരിക്കാൻബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ടോ?

ഉണ്ട് ഇല്ല

11. നിങ്ങളുടെ കൈകാലുകൾ തണുത്തത് ആയിട്ട് അനുഭവപ്പെടാറുണ്ടോ?

ഉണ്ട് ഇല്ല

12. ഭക്ഷ്യയോഗ്യമല്ലാത്ത വസ്തുക്കളോട് (മണ്ണ്/പേപ്പർ/ചോക്ക്) മുതലായവയോട് ആസക്തി തോന്നാറുണ്ടോ?

ഉണ്ട് ഇല്ല

13. അസാധാരണ ശീലം /തളർച്ച എന്നിവ മൂലം പഠനത്തിൽ കേന്ദ്രീകരിക്കാൻകഴിയാത്ത അവസ്ഥയുണ്ടോ ?

ഉണ്ട് ഇല്ല

14. മാസമുറ കൃത്യമായി വരുന്നുണ്ടോ? (പെൺകുട്ടികള് മാത്രം പൂരിപ്പിക്കേണ്ടത്)

ഉണ്ട് ഇല്ല

15. മാസമുറ സമയം കൂടുതൽ രക്ത നഷ്ടം ഉണ്ടാകാറുണ്ടോ ?

ഉണ്ട് ഇല്ല

**മൂല്യ നിർണ്ണയം**

**1 മുതല് 15 വരെയുള്ള ചോദ്യങ്ങളില് ഏതെങ്കിലും ഒന്നിന് ഉണ്ട് എന്നാണ് നിങ്ങളുടെ ഉത്തരം എങ്കിൽ തീർച്ചയായും നിങ്ങൾ ഡോക്ടറെ കണ്ട് രക്തപരിശോധന നടത്തി ഹീമോഗ്ലോബിന്റെ അളവ് സ്ഥിരീകരിച്ച് ആരോഗ്യ നിലവാരം ഉറപ്പുവരുത്തേണ്ടതാണ്.**

SOPHY JACOB
PEN 457974
Assistant Director
Women and Child Development Department
Thiruvananthapuram - 695 012

## അവസ്ഥാപഠനം സംബന്ധിച്ച നിർദേശങ്ങൾ

സ്ത്രീകളുടേയും കുട്ടികളുടേയും അവസ്ഥാപഠനത്തിനായി ഈ കാര്യാലയത്തിൽ നിന്നും അയച്ചു തരുന്ന Data collection format നെ അടിസ്ഥാനമാക്കി സൂപ്പർവൈസർമാർ Google form തയ്യാറാക്കി അങ്കണവാടി വർക്കർമാർക്ക് നൽകേണ്ടതാണ്. വർക്കർമാർ നിലവിൽ അവരുടെ കൈവശം ലഭ്യമായ വിവരങ്ങൾ ഉൾകൊള്ളിച്ച് Google form പൂരിപ്പിക്കേണ്ടതാണ്. ടി വിവരങ്ങളും മറ്റ് സ്രോതസ്സുകളിൽ നിന്നും ശേഖരിച്ച വിവരങ്ങളും ഉൾപ്പെടുത്തി സൂപ്പർവൈസർമാർ സെക്ടർ തലത്തിൽ ക്രോഡീകരിച്ച റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്.

# CHILD STATUS REPORT
## DATA COLLECTION FORMAT
## Child Population (0-18)

| **Age Category** | **Female** | **Male** |
|---|---|---|
| 0-3 | | |
| 3 to 6 | | |
| 6 to 10 | | |
| 10 to 15 | | |
| 15-18 | | |
| Total | | |

## Education

| **School and Enrollment Details** | Govt | Aided | PVT |
|---|---|---|---|
| LKG | | | |
| UKG | | | |
| LP | | | |
| UP | | | |
| HS | | | |
| HSS | | | |

| **Special School Details** | Number (Show number of functioning schools as per pre covid period - 2019 status) | | |
|---|---|---|---|
| Buds Schools | | | |
| Buds Rehabilitation Center | | | |
| Govt. Special Schools | | | |
| Pvt Special Schools | | | |

| **Physical Amenities in Schools** | Toilet with running Water Facility | Play Ground | Smart Class room | Compound Wall | Kitchen Garden | Barrier Free Access | Napkin vending Machine | Incinerator |
|---|---|---|---|---|---|---|---|---|
| Govt | | | | | | | | |
| Aided | | | | | | | | |
| Private | | | | | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| **Details of AWCs** | | | | | | | | |
| Building Details | OWN | Rent | Rentless | Total | | | | |
| | | | | | | | | |
| | | | | | | | | |
| **Physical Amenities** | Electricity | Drinking Water | Compound Wall | Toilet with running Water Facility | BFT | LPG | | |
| Yes | | | | | | | | |
| No | | | | | | | | |
| **Recreational Facility** | Indoor Play Space | Outdoor Play space | IndoorPlay Equipments | Outdoor Play Equipments | Kitchen Garden | | | |
| Yes | | | | | | | | |
| No | | | | | | | | |
| **HEALTH** | | | | | | | | |
| Immunisation Details (below 6 years) | Female | Male | | | | | | |
| Completely Immunised | | | | | | | | |
| Partially Immunised | | | | | | | | |
| Unimmunised | | | | | | | | |
| **Growth Monitoring 0 to 5** | MAILE | FEMALE | | | | | 15 to 18 | |
| SUW | | | Female | Male | Female | Male | Female | Male |
| MUW | | | | | | | | |
| **BMI Analysis (6 to 18)** | 6 to 10 | | 11 to 14 | | 15 to 18 | | | |
| | MAILE | FEMALE | MAILE | FEMALE | MAILE | FEMALE | | |
| Underweight | | | | | | | | |
| Overweight | | | | | | | | |
| Obesety | | | | | | | | |
| **ANEMIA STATUS** | ANEMIC | | NON ANEMIC | | | | | |
| | MALE | FEMALE | MALE | FEMALE | | | | |
| | | | | | | | | |
| **Children With Disability ( Write the name of disabilty from the list of 21 category specified as per RPWA** | | | | | | | | |
| **Type of Disability** | Below 6 | | 6 to 10 | | 10 to 18 | | | |

| | | | | | | |
|---|---|---|---|---|---|---|
| | Female | Male | Female | Male | Female | |
| | | | | | | |

| **Child Death Details (20 April to 21 March)** | Infant Death | | Child Death (6 to 18) | |
|---|---|---|---|---|
| | Female | Male | Female | Male |
| | | | | |
| **No of Child Suicide** | Below 10 | | 10 to 18 | |
| | Female | Male | Female | Male |
| | | | | |

**Vulnerability Deatails (Use the vulnerabilty Mapping Checklist)**

| School Drop out Children Details | Female | Male |
|---|---|---|
| | | |
| Child Marriage Cases | | |
| Child Labour Cases | | |
| POCSO Cases Reported (Supervisor Should collect data from DCPU and District Crime Records Buero) | Female | Male |
| No of Children in need of Care and Protection as per JJ ACT | Female | Male |
| No of Children in JJ Institutions (Should mention the number of children staying in JJ home from the respective Panchayath) | Female | Male |
| | | |

## LSGD INITIATIVE

| **Activity** | Yes | No | | | | |
|---|---|---|---|---|---|---|
| Cndected Child Grama Sabha during 20-21 ? | | | | | | |
| Constituted Balapanchayath ? | | | | | | |
| Fund Utilised for Children in FY 20-21 in Lakhs | Plan | SCP | NRM | Own | Other Specify | Total |
| SNP ( for Children ( 6 t0 3, 3to 6 and AG) | | | | | | |
| 6 to 3 yrs | | | | | | |
| 3 to yrs | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| AG | | | | | | |
| Other than SNP Project | | | | | | |
| **Special Initiative for Children** | Yes | NO | | | | |
| Any achild friendly initiative taken? | | | | | | |
| Student police initiative? | | | | | | |
| Play grounds | | | | | | |
| Cultural Forums | | | | | | |
| Stadium | | | | | | |
| Public Swimming Pools | | | | | | |
| Childrens Park | | | | | | |
| Othera Specify | | | | | | |
| Any Other Remarks (Specify) | | | | | | |

# DATA COLLECTION FORMAT

## WOMEN STATUS REPORT

| **Population** | Number |
|---|---|
| 18 to 25 | |
| 25 to 35 | |
| 35 to 45 | |
| 45 to 55 | |
| 55 to 65 | |
| 65 above | |
| **Educational Status** | Number |
| Illiterate | |
| Primary | |
| Upto 10 | |
| Plus two | |
| Diploma / Graduation | |
| PG | |
| Professional | |
| **Marital Status** | Number |
| Unmarried | |
| Married | |
| Widow | |
| Divorced | |
| **No of Women Headed Families** | Number |
| **Employmnet Status** | |
| Unemployed | Number |

| Unemployed | Number | | | | |
|---|---|---|---|---|---|
| Self Employed | | | | | |
| GOVT | | | | | |
| PVT | | | | | |
| Others Specify | | | | | |
| **Disability Status** | | | | | |
| Women with Disability ( Write the name of disabilty from the list of 21 category specified as per RPWA) | 18 to 30 | 30 to 40 | 40 to 50 | 50 to 60 | 60 Above |
| | | | | | |
| Have supporting instruments or equipments to support the disability | Yes | No | | | |

| | | |
|---|---|---|
| Have any institutional support for rehabilitation | YES | No |
| | | |
| **Death Details** | Specify Number | |
| Maternal Death | | |
| Due to Chronic Illness | | |
| Covid Death | | |
| Suicide | | |
| **Vulnerability** | Yes | No |
| Due to Chronic Alcoholism | | |
| Due to Chronic Illness (Self) | | |
| Due to Chronic illness of family members | | |

**Financial**

| | | |
|---|---|---|
| Have own Bank account | Yes | NO |
| Usage of ATM Cards | | |

**Reported Cases**

| | | |
|---|---|---|
| Number of DV cases reported (Should compile details from Jagratha samithi, Police station, WPO, Service Providing Centers ) CDPOs should collect the SPC list from WPOs | Number of cases reported | |
| | | |
| Number of POSH Act cases reported ( Spervisor should Collect from concerned committees ) | Number of cases | |
| | | |
| **LSGD inititiative** | YES | NO |
| Fund Utilised during last Financial Year | | |
| SNP (PW, LM) | | |
| Others | | |
| Have active jagratha samithi? | | |
| Have jagrtha Samithi Coordinator? | | |
| Have Community Women Facilator? | | |
| Have Gender Resource Center? | | |
| Have Geder Desk? | | |
| Any women Friendly Initiative? | | |
| Have Breast feeding room in LSGIs? | | |
| Any other remarks Specify | | |